# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 61

02-03-2020-ലെ മറുപടിയ്ക്ക്

## പ്രളയദുരിതാശ്വാസത്തിലേക്കുള്ള സംഭാവന

| ചോദ്യം<br><br>ശ്രീ.മഞ്ഞളാംകുഴി അലി | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|
| എ) പ്രളയ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് വിവിധ സംഘടനകൾ എത്ര തുക സംസ്ഥാന സർക്കാരിന് സംഭാവനയായി നൽകിയിട്ടുണ്ടെന്നറിയിക്കാമോ; ഓരോ സംഘടനയും നൽകിയിട്ടുള്ള തുകയുടെ വിശദാംശം ലഭ്യമാക്കാമോ; | പ്രളയവുമായി ബന്ധപ്പെട്ട് 26.02.2020 വരെ 4775.53 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സ്വരൂപിച്ചിട്ടുണ്ട്. വിവിധ സംഘടനകൾ നൽകിയ സംഭാവന തുകകൾ സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി ക്രോഡീകരിച്ചിട്ടില്ല. |
| ബി) വിദേശരാജ്യങ്ങളിൽ നിന്നും വിവിധ സംഘടനകളും വ്യക്തികളും എത്ര തുക വീതം സംഭാവന നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | 26.02.2020 വരെ വിദേശരാജ്യങ്ങളിൽ നിന്നും സംഘടനകൾ, വ്യക്തികൾ എന്നിവർ സംഭാവനയായി (ചെക്ക്/ഡിഡി) വഴി ആകെ 27,80,66,738.17/- രൂപയാണ് ഈ സെക്ഷനിൽ ലഭ്യമായിട്ടുള്ളത്. ഇതിൽ വ്യക്തികൾ മുഖേന 49,85,343.48/-രൂപയാണ് സംഭാവനയായി ലഭിച്ചിട്ടുള്ളത്. |
| സി) പ്രളയവുമായി ബന്ധപ്പെട്ട് ദുരിതാശ്വാസ നിധിയിൽ ആകെ എത്ര രൂപ സംഭാവനയായി സ്വരൂപിച്ചിട്ടുണ്ട്; എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; എത്ര രൂപ ഇനി ബാക്കിയുണ്ട്; വിശദാംശം ലഭ്യമാക്കാമോ? | പ്രളയവുമായി ബന്ധപ്പെട്ട് 26.02.2020 വരെ 4775.53 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സ്വരൂപിച്ചിട്ടുണ്ട്. ഇപ്രകാരം ലഭിച്ച തുകയിൽ 2915.88 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ബാക്കി 1859.65 കോടി രൂപ നീക്കിയിരിപ്പുണ്ട്. 2062.44 കോടി രൂപ പ്രതീക്ഷിത ചിലവായി കണക്കാക്കിയിട്ടുണ്ട്. വിശദവിവരം താഴെ പറയുന്നു; |

**അനുവദിച്ച തുക**

| ഇനം | തുക(രൂപയിൽ) |
|---|---|
| ആശ്വാസ ധനസഹായം | 4,57,58,43,200/- |
| വീടും സ്ഥലവും നാശനഷ്ടം | 21,04,61,79,450/- |
| ചികിത്സാ ധനസഹായം | 12,29,910/- |
| കെയർ ഹോം (സംസ്ഥാന സഹകരണ വകുപ്പ്) | 52,68,69,506/- |
| കാർഷിക വായ്പ | 54,00,00,000/- |
| ഉപജീവന കിറ്റ് വിതരണം (കേരളസ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ്) | 54,45,87,500/- |
| പന്തൽ ഡെക്കറേഷൻ യൂണിറ്റ് പുനരുജ്ജീവനം (പട്ടികജാതി വികസന കോർപ്പറേഷൻ) | 1,91,000/- |
| മരണപ്പെട്ടവരുടെ ആശ്രിതർക്ക് | 29,00,000/- |

| | |
|---|---|
| ഭൂമി നഷ്ടപ്പെട്ടവർക്ക് | 62,34,500/- |
| വീട് നിർമ്മാണ സ്ഥല സജ്ജീകരണത്തിനായി | 25,82,603/- |
| പെൻഡിംഗ് അപ്പീലുകൾ പരിഹരിക്കുന്നതിന് എഞ്ചിനീയർമാർക്ക് നൽകിയത് | 12,18,000/- |
| അധിക റേഷൻ വിതരണം നൽകിയ ഇനത്തിൽ കേരള സിവിൽ സപ്ലൈസ് കോർപ്പറേഷന് നൽകിയത് | 9,40,11,595/- |
| പ്രത്യുത്ഥാനം പദ്ധതി | 10,00,00,000/- |
| സി-ആപ്റ്റിന് (പ്രളയത്തിൽ പാഠപുസ്തകങ്ങൾ നഷ്ടപ്പെട്ടവർക്ക് പാഠപുസ്തകങ്ങൾ അച്ചടിച്ച് കൊടുത്ത വകയിൽ) | 47,46,709/- |
| ഉജ്ജീവൻ വായ്പ പദ്ധതി | 4,05,53,933/- |
| കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് -ഷെൽറ്റർ ഹോം | 35,99,67,713/- |
| കുടുംബശ്രീ | 1,31,17,64,000/- |
| ആകെ | 29,15,88,79,619/- |

## പ്രതീക്ഷിക്കുന്ന ചിലവ് (Committed Expenditure)

| ഇനം | തുക(രൂപയിൽ) |
|---|---|
| വീട് / സ്ഥലം എന്നിവക്കുണ്ടായ നാശനഷ്ടം പരിഹരിക്കുന്നതിനായി നൽകാൻ ബാക്കിയുള്ള വകയിൽ | 100,00,00,000/- |
| ഉജ്ജീവൻ പദ്ധതി പ്രകാരം അനുവദിക്കാനുള്ളത് | 10,00,00,000/- |
| കെട്ടിടങ്ങളുടെ നാശനഷ്ടങ്ങളുടെ തോത് തിട്ടപ്പെടുത്തുന്നതിനായി വിരമിച്ച എഞ്ചിനീയർമാരുടെ സേവനം ഉപയോഗപ്പെടുത്തുന്നതിന് | 50,00,000/- |
| കുടുംബശ്രീ മുഖേന നൽകുന്ന വായ്പയ്ക്ക് 9% പലിശ ഇനത്തിൽ നൽകേണ്ടത് | 190,68,36,000/- |
| മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം ( പുനർഗേഹം പദ്ധതി ) | 650,00,00,000/- |
| പ്രളയത്തോടനുബന്ധിച്ചുണ്ടായ | 150,00,00,000/- |

| | | |
|---|---|---|
| | നാശനഷ്ടത്തിന് വിവിധ വകുപ്പുകളിൽ നിന്നും ധനസഹായത്തിനായി ലഭിച്ചേക്കാവുന്ന പ്രൊപ്പോസലിന് വകയിരുത്തുന്നതിനായി | |
| | പ്രളയത്തിൽ തകർന്ന തദ്ദേശ റോഡുകളുടെ പുനരുദ്ധാരണം | 961,26,40,000/- |
| | ആകെ തുക (രൂപ) | 2062,44,76,000/- |

അക്കൗണ്ട്സ് ഓഫീസർ